ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

TIME: 06.30 PM **DATE: 03-03-2026**

പ്രധാനവാർത്ത

1. പശ്ചിമേഷ്യൻ സംഘർഷം നയതന്ത്ര മാർഗ്ഗങ്ങളിലൂടെ പരിഹരിക്കണമെന്ന് ആവർത്തിച്ച് വ്യക്തമാക്കി ഇന്ത്യ. ഗൾഫ് മേഖലയിൽ തൊഴിലെടുക്കുന്ന ഇന്ത്യക്കാരുടെ സുരക്ഷ അതിപ്രധാനമാണെന്നും വിദേശകാര്യമന്ത്രാലയം.
2. ടെഹ്റാനിലെ ഇന്ത്യൻ വിദ്യാർത്ഥികളെ നഗരത്തിന് പുറത്തുള്ള സുരക്ഷിതസ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ച് ഇന്ത്യൻ എംബസ്സി. ഇറാനിലെ ഇന്ത്യൻ പൗരന്മാർ അതീവ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ്.
3. ആറ്റുകാലമ്മയ്ക്ക് പൊങ്കാല നിവേദ്യം അർപ്പിച്ച് ഭക്തജനലക്ഷങ്ങൾ. പ്രാർത്ഥനാ സായൂജ്യത്താൽ മനം നിറഞ്ഞ് അനന്തപുരി.
4. കേന്ദ്ര പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ കേരളം അയൽ തീരദേശ സംസ്ഥാനങ്ങളേക്കാൾ മുന്നിലെത്തിയതായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.

PIB TVPM

5. സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷകൾ മറ്റന്നാൾ ആരംഭിക്കും. എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.
6. ICC ട്വന്റി - 20 ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. ആദ്യ സെമിയിൽ ദക്ഷിണാഫ്രിക്ക-ന്യൂസിലാന്റിനെ നേരിടും.

&&&&&&&&&&&&&&&&&&

വിദേശകാര്യ മന്ത്രാലയ വക്താവ്

പശ്ചിമേഷ്യൻ മേഖലയിലെ സംഘർഷം സംഭാഷണത്തിലൂടെയും, നയതന്ത്ര മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കണമെന്ന് ആവർത്തിച്ച് വ്യക്തമാക്കി ഇന്ത്യ. സംഘർഷം എത്രയും വേഗം അവസാനിപ്പിക്കണമെന്നതാണ് ഇന്ത്യയുടെ നിലപാടെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ഒരു കോടിയിലധികം ഇന്ത്യക്കാർ ഗൾഫ് മേഖലയിൽ തൊഴിലെടുക്കുന്നുണ്ടെന്നും ഇവരുടെ സുരക്ഷ അതിപ്രധാനമാണെന്നും അദ്ദേഹം വ്യക്തമാക്കി. കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങളെയും ഇന്ത്യ അപലപിച്ചു.

&&&&&&&&&&&&&&&&&&

ഇറാൻ എംബസ്സി

ടെഹ്റാനിലെ ഇന്ത്യൻ വിദ്യാർത്ഥികളെ നഗരത്തിന് പുറത്തുള്ള സുരക്ഷിതസ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ച്

RNU TVPM

ഇറാനിലെ ഇന്ത്യൻ എംബസ്സി. വർധിച്ച അപകടസാധ്യത കണക്കിലെടുത്താണ് നടപടി. . ഇറാനിൽ ഇപ്പോഴും തുടരുന്ന മറ്റ് ഇന്ത്യൻ പൗരന്മാരോട്, നിലവിലെ സ്ഥലങ്ങളിൽ തന്നെ തുടരാനും, ജാഗ്രത പാലിക്കാനും എംബസ്സി ആവശ്യപ്പെട്ടു. കഴിയുന്നതും വീടുകൾക്ക് ഉള്ളിൽ തന്നെ കഴിയണമെന്നും, പ്രതിഷേധങ്ങൾ നടക്കുന്ന സ്ഥലങ്ങളിലേക്ക് പോകരുതെന്നും നിർദ്ദേശത്തിൽ പറയുന്നുണ്ട്.

&&&&&&&&&&&&&&&&&&

പശ്ചിമേഷ്യയിൽ സംഘർഷം

പശ്ചിമേഷ്യയിൽ സംഘർഷം അതിരൂക്ഷമായി തുടരുന്നു. ടെഹ്റാനിലും ബെയ്റൂട്ടിലും ഇസ്രയേൽ സേന നിലവിൽ ശക്തമായ ആക്രമണം നടത്തുന്നതായാണ് റിപ്പോർട്ടുകൾ. ഗൾഫ് രാജ്യങ്ങളിലെ യുഎസ് കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഇറാനും ആക്രമണം തുടരുകയാണ്. ബഹ്റിനിലെ യുഎസ് വ്യോമത്താവളത്തിന്റെ കമാൻഡ് കെട്ടിടം തകർത്തതായി ഇറാൻ മീഡിയ റിപ്പോർട്ട് ചെയ്തു. സൗദിയിലെ റിയാദിൽ യുഎസ് എംബസിക്ക് നേരെ ഇറാൻ ഡ്രോൺ ആക്രമണം നടത്തിയെങ്കിലും ചെറിയ തോതിലുള്ള നാശനഷ്ടമാണ് ഉണ്ടായത് . അതേസമയം ഇറാനിലെ നതാൻസ് ആണവ കേന്ദ്രത്തിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും, നിലവിൽ ആണവ വികിരണ ഭീഷണിയില്ലെന്നും അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി അറിയിച്ചു

RNU TVPM

പശ്ചിമേഷ്യൻ സംഘർഷങ്ങളിൽ മൂന്ന് ഇന്ത്യൻ നാവികർ കൊല്ലപ്പെടുകയും ഒരാൾക്ക് പരിക്കേൽക്കുകയും ചെയ്തതായി ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗ് സ്ഥിരീകരിച്ചു. ഖത്തറിലുണ്ടായ ഷെൽ ആക്രമണത്തിൽ തൃശ്ശൂർ ചാവക്കാട് സ്വദേശിക്ക് പരിക്കേറ്റതായി നോർക്ക അറിയിച്ചു.

&&&&&&&&&&&&&&&&&&

നോർക്ക റൂട്സ് (ഇൻട്രോ)

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പ്രവാസികളുടെ സഹായത്തിനായി അടിയന്തര നടപടികൾ സ്വീകരിച്ച് നോർക്ക റൂട്സ്. പ്രവാസി കേരളീയർക്കും കുടുംബാംഗങ്ങൾക്കുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക നോർക്ക ഹെല്പ് ലൈൻ പ്രവർത്തനം തുടരുന്നതായി **നോർക്ക റൂട്സ് സി ഇ ഓ അജിത് കോളശ്ശേരി ആകാശവാണി വാർത്തകളോട് പറഞ്ഞു.**
(വോയ്സ്)

&&&&&&&&&&&&&&&&&&

ലോക കേരളസഭ - യോഗം

പ്രവാസി മലയാളികളുടെ സുരക്ഷയും ആശങ്കകളും നേരിട്ടറിയാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചു ചേർത്ത ജി.സി.സി രാജ്യങ്ങളിലെ ലോക കേരള സഭ പ്രതിനിധികളുടെ ഓൺലൈൻ യോഗം ഇന്ന്. ഗൾഫ് മലയാളികളുടെ നിലവിലെ ആവശ്യങ്ങൾ മനസിലാക്കുന്നതിനും

PRD TVPM

സർക്കാരിന്റെ പിന്തുണ ഉറപ്പാക്കുന്നതിനുമാണ് യോഗം ചേരുന്നത്.

&&&&&&&&&&&&&&&&&&

ആറ്റുകാൽ (ഇൻട്രോ)

ആറ്റുകാലമ്മയ്ക്ക് പൊങ്കാല നിവേദ്യം അർപ്പിച്ച് ഭക്തജനലക്ഷങ്ങൾ. പ്രാർത്ഥനാ സായൂജ്യത്താൽ മനം നിറഞ്ഞ് അനന്തപുരി.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....

(വോയിസ്)

&&&&&&&&&&&&&&&&&&

അമിത് ഷാ ആശംസ

ജനങ്ങൾക്ക് ആറ്റുകാൽ പൊങ്കാല ആശംസകൾ നേർന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ആറ്റുകാൽ അമ്മയുടെ അനുഗ്രഹം എല്ലാവർക്കും ലഭിക്കട്ടെയെന്നും, എല്ലാ ആഗ്രഹങ്ങളും സഫലമാകട്ടെയെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

ജോർജ്ജ് കുര്യൻ- കൊച്ചി

കേന്ദ്ര പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ കേരളം അയൽ തീരദേശ സംസ്ഥാനങ്ങളേക്കാൾ മുന്നിലെത്തിയതായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസന ഫണ്ടിനെ കുറിച്ചുള്ള അവലോകന യോഗവും ശില്പശാലയും കൊച്ചിയിൽ

RNU TVPM

അദ്ദേഹം ഉദ്ഘാടനം ചെയ്തു. ദേശീയ മത്സ്യബന്ധന വികസന ബോർഡിന്റെ പ്രാദേശിക കേന്ദ്രം തിരുവനന്തപുരത്ത് അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ആമകൾ ഉൾപ്പെടാതെ മത്സ്യബന്ധനം നടത്തുന്നതിനുള്ള ഉപകരണങ്ങളുടെ വിതരണവും അദ്ദേഹം ചടങ്ങിൽ നിർവഹിച്ചു.

&&&&&&&&&&&&&&&&&&

എസ്.എസ്.എൽ.സി പരീക്ഷ

സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷകൾ മറ്റന്നാൾ ആരംഭിക്കും. മൂവായിരത്തോളം കേന്ദ്രങ്ങളിലായി നാലേകാൽ ലക്ഷത്തോളം വിദ്യാർഥികൾ പരീക്ഷയെഴുതും. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒന്നാം വർഷ പൊതു പരീക്ഷകൾ മറ്റന്നാളും, രണ്ടാം വർഷ പരീക്ഷകൾ വെള്ളിയാഴ്ചയും ആരംഭിക്കും.

ഗൾഫ് മേഖലയിൽ മറ്റന്നാളത്തെ എസ്.എസ്.എൽ.സി പരീക്ഷയും മാർച്ച് 5, 6, 7 തീയതികളിലെ ഹയർ സെക്കന്ററി പരീക്ഷയും മാറ്റി വച്ചിട്ടുണ്ട്. പുതുക്കിയ തീയതി പിന്നീട് പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&&&

സി.ബി.എസ്.ഇ പരീക്ഷകൾ

പശ്ചിമേഷ്യയിലെ അസാധാരണ സാഹചര്യം കണക്കിലെടുത്ത് മേഖലയിൽ ഈ മാസം 5, 6 തീയതികളിൽ നടത്താനിരുന്ന 10, 12 ക്ലാസ്സുകളിലെ

RNU TVPM

സി.ബി.എസ്.ഇ പരീക്ഷകൾ മാറ്റിവെച്ചു. ബഹ്റൈൻ, ഇറാൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യു.എ.ഇ എന്നീ രാജ്യങ്ങളിലെ നിലവിലെ സാഹചര്യം കണക്കിലെടുത്താണ് തീരുമാനമെന്ന് സി ബി എസ് ഇ അറിയിച്ചു. മാറ്റിവെച്ച പരീക്ഷകൾ എന്ന് നടക്കുമെന്ന കാര്യം ബോർഡ് പിന്നീട് അറിയിക്കും. ഈ മാസം 7-ാം തീയതി മുതൽ നടക്കേണ്ട പരീക്ഷകളുടെ കാര്യത്തിൽ വരുംദിവസങ്ങളിൽ തീരുമാനമെടുക്കുമെന്നും ബോർഡ് അറിയിച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

പെട്രോളിയം മന്ത്രാലയം

പശ്ചിമേഷ്യയിലെ സംഘർഷം സാഹചര്യം കണക്കിലെടുത്ത് രാജ്യത്ത് ഇന്ധനലഭ്യത ഉറപ്പാക്കാൻ കർശന നടപടികളുമായി കേന്ദ്ര സർക്കാർ. നിലവിലെ സാഹചര്യം നേരിടാൻ ആവശ്യമായ ഊർജ്ജ ശേഖരം രാജ്യത്തിനുണ്ടെന്ന് പെട്രോളിയം മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

ക്ലീൻ കേരള

മാലിന്യ ഭീഷണിക്കെതിരെ ഓരോ മലയാളിയെയും ഉണർത്താൻ ലക്ഷ്യമിട്ട് കേരള ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കിയ 'ക്ലീൻ കേരള ആന്തം' പുറത്തിറങ്ങി. നൃത്തവും

ഹിപ്-ഹോപ് റാപ്പും കോർത്തിണക്കിയാണ് ഗാനം ഒരുക്കിയിട്ടുള്ളത്

&&&&&&&&&&&&&&&&&&

രാഷ്ട്രപതി - ഹോളി

ഹോളി ആഘോഷ വേളയിൽ ജനങ്ങൾക്ക് ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും ഉത്സവമായ ഹോളി സാമൂഹിക ഐക്യത്തിന്റെ സന്ദേശമാണ് നൽകുന്നതെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

ജാമ്യാപേക്ഷ തള്ളി

കണ്ണൂരിൽ ആരോഗ്യമന്ത്രി വീണ ജോർജിനെ ആക്രമിച്ചെന്ന പരാതിയിൽ റിമാൻഡിലുള്ള അഞ്ച് കെഎസ് യു പ്രവർത്തകരുടെ ജാമ്യഹർജി കോടതി തള്ളി. കണ്ണൂർ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയാണ് ജാമ്യാപേക്ഷ പരിഗണിച്ചത്. ഇന്നലെ ഇരുഭാഗത്തിന്റെയും വാദം കോടതി കേട്ടിരുന്നു.

&&&&&&&&&&&&&&&&&&

ICC ട്വന്റി - 20

ICC ട്വന്റി - 20 ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കമാവും. ആദ്യ സെമിയിൽ നാളെ ദക്ഷിണാഫ്രിക്ക-ന്യൂസിലാന്റിനെ നേരിടും. മറ്റന്നാളാണ് ഇന്ത്യ ഇംഗ്ളണ്ട് സെമി പോരാട്ടം . ഈ മാസം എട്ടിനാണ് ഫൈനൽ.

&&&&&&&&&&&&&&&&&&

കെ കൃഷ്ണൻകുട്ടി- കടമെടുപ്പ്

PRUTVM

കേരളത്തിന്റെ ഊർജ്ജ മേഖലയിൽ നടപ്പിലാക്കി വരുന്ന പരിഷ്കാരങ്ങൾക്കുള്ള അംഗീകാരമായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ നിന്നും 2,924 കോടി രൂപയുടെ അധിക വായ്പ എടുക്കുന്നതിനുള്ള അനുമതി ലഭിച്ചതായി മന്ത്രി കെ കൃഷ്ണൻകുട്ടി. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ശുപാർശ പ്രകാരമാണ് തുക അനുവദിച്ചത്.

&&&&&&&&&&&&&&&&&&

കേരള സർവകലാശാല- ഉദ്ഘാടനം

കേരള സർവകലാശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ വിവിധ കെട്ടിടങ്ങളുടെ പ്രവർത്തനോദ്ഘാടനം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. നവോത്ഥാന നായകനായ അയ്യാവൈകുണ്ഠസ്വാമിയുടെ പേരിൽ ആരംഭിക്കുന്ന പഠനഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനവും അന്ന് നടക്കും.

RNU TVPM

&&&&&&&&&&&&&&&&&&

പോലീസ് ഉദ്ഘാടനം

പോലീസ്, ജയിൽ , വിജിലൻസ് വകുപ്പുകളുടെ പുതിയ മന്ദിരങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തു നിർവഹിക്കും. വിവിധ ജില്ലകളിലായി പൂർത്തീകരിച്ച പുതിയ മന്ദിരങ്ങളുടെ ഉദ്ഘാടനവും മറ്റുളവയുടെ ശിലാസ്ഥാപനവുമാണ് മുട്ടത്തറ ക്രൈം ബ്രാഞ്ച് കോംപ്ലക്സ് ബിൽഡിങ്ങിൽ വച്ച് നടക്കുന്ന

ചടങ്ങിൽ നിർവഹിക്കുക. മന്ത്രി വി. ശിവൻകുട്ടി, സംസ്ഥാന പൊലീസ് മേധാവി തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM